## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 563 — 04.02.2020 ൽ മറുപടിക്ക്

### ചെന്നൈ - ബെംഗളൂരു വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്: | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി) |
| (എ) | ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ)<br>(ബി)<br>&<br>(സി) | ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20.11.2019 ലെ സ.ഉ.(സാധാ) നം.1152/ 2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ് -I) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16.01.2020 തിയ്യതിയിലെ സ ഉ (കൈ ) നം: 15/ 2020/ വ്യവ പ്രകാരം ഉത്തരവായിട്ടുണ്ട്. വ്യവസായ ഇടനാഴി പദ്ധതി പ്രാവർത്തികമാവുന്നതോടെ പ്രത്യക്ഷത്തിൽ |
| (ബി) | ഈ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതിക്ക് അനുയോജ്യമാണോയെന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | ഇതുമുഖേന എത്രമാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | 22000 ത്തോളം തൊഴിലവസരങ്ങളും പരോക്ഷമായി 80000 ത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ